# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2416      05/02/2018-ൽ മറുപടിക്ക്

## ഇടക്കൊച്ചി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ അനുവദിച്ച കെ.എസ്. ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. പ്രസ്തുത ഓഫീസിനായി മേൽ സൂചിപ്പിച്ചത് പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമല്ലാത്തതിനാലാണ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. സൗജന്യമായി 10 സെന്റ് ഭൂമി/ വാടകരഹിത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ഓഫീസിനായി എവിടെയെങ്കിലും സ്ഥലമോ കെട്ടിടമോ ലഭ്യമായിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ